## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6592 — 08.11.2016 ൽ - മറുപടിക്ക്

## ഭക്ഷ്യ സുരക്ഷാ നിയമം-മുൻഗണനാ മാനദണ്ഡം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.ടി.എ. റഹീം | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ പൊതുവിതരണ രംഗത്ത് ഉണ്ടാവുന്ന പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം – 2013 കേരളത്തിൽ നടപ്പിൽ വരുമ്പോൾ സംസ്ഥാനത്തിന് ലഭ്യമാകുന്ന 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യത്തിൽ മുൻഗണനാ വിഭാഗങ്ങൾക്ക വേണ്ടി വരുന്നത് 10.25 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യങ്ങളാണ്. പ്രസ്തുത നിയമത്തിന്റെ പരിധിയിൽ വരാത്ത 187 ലക്ഷത്തോളം അർഹരായ ജനവിഭാഗങ്ങൾക്ക് ബാക്കിയുള്ള 4 ലക്ഷം മെട്രിക് ടൺ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യാൻ കഴിയും. ആയതിന്റെ വിതരണക്രമം പരിഗണനയിലാണ്. |
| (ബി) മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;<br>(സി) വീടിന്റെ സ്ഥിതി, മുൻഗണനാക്രമം നിശ്ചയിക്കുന്നതിൽ ഘടകമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;<br>(ഡി) സാമാന്യം നല്ല വീടുകൾ ഉണ്ടെങ്കിലും സാമ്പത്തികമായി വലിയ പ്രതിസന്ധി നേരിടുന്ന കുടുംബങ്ങളുണ്ടെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി), (സി) & (ഡി) | സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, ആദായ നികുതി ഒടുക്കുന്നവർ, സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ, സ്വന്തമായി 1000 ചതുരശ്ര അടിയ്ക്ക് മേൽ വിസ്തീർണ്ണമുള്ള വീടോ, ഫ്ളാറ്റോ ഉള്ളവർ, നാല് ചക്ര വാഹനമുള്ളവർ എന്നിവർ മുൻഗണനാ ക്രമത്തിൽ നിന്നും ഒഴിവാക്കപ്പെടും. എന്നാൽ പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന ക്ലാസ് 4 തസ്തിക വരെയുള്ള ജീവനക്കാരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. മുൻസർക്കാർ മുൻഗണനാ വിഭാഗക്കാരെ കണ്ടെത്താൻ താലൂക്ക് തല റാങ്കിംഗ് ആണ് നടത്തിയിരുന്നത്. ഇത് മാറ്റി ഇപ്പോൾ സംസ്ഥാനതല റാങ്കിംഗ് നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ